**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **07-07-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ വെട്ടിവിട്ടക്കാട് കോളനികളുടെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ വെട്ടിവിട്ടക്കാട് പട്ടികവർഗ്ഗ കോളനിയുടെ വൈദ്യുതീകരണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടിവിട്ടക്കാട് പട്ടികവർഗ്ഗ കോളനി വൈദ്യുതീകരിക്കുന്നതിന് 92,46,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 85,41,000/- രൂപ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അടച്ചിട്ടുണ്ട്. ബാക്കി തുകയായ 7,05,000/- രൂപ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത തുക എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായുള്ള ജില്ലാതല സമിതിയിൽ KSEBL അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പിന്റെ അനുമതിയും ആവശ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇല്ല. സാങ്കേതിക അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ഇല്ല. സാങ്കേതിക അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിനായി ഇടമലയാർ, ഷോളയാർ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർക്ക് 4.12.2021നു കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ